Talented Bankers Literary Panel
പുസ്തക പരിചയം 274

പരിചയപ്പെടുത്തുന്നത്,
അനിത വി കെ,
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ,
തിരുവനന്തപുരം.

ക്രൈം No 25/83
ചെമ്പിലമ്മിണി കൊലക്കേസ്

ഈയിടെയായി ത്രില്ലർ /കുറ്റാന്വേഷണം ആണല്ലോ ട്രെൻഡ്, എനിക്കും. പേരുകണ്ട് വാങ്ങിയതാണ് ക്രൈം No 25/83 ചെമ്പിലമ്മിണി കൊലക്കേസ്. തികച്ചും വ്യത്യസ്തമായ ഒരു വായനാനുഭവം തന്നെ ആയിരുന്നു.

ഇരുമ്പ് മണ്ണിൽ കിടന്നു തുരുമ്പിക്കും പോലെയല്ല പക, ഇടയ്ക്കിടെ മനസ്സിലെടുത്തു ചാണക്കിടുന്നതുകൊണ്ട്, അതെപ്പോഴും നല്ല മൂർച്ചയോടെ ഉണ്ടാകും.

ലീലാമ്മയെ ഉമ്മവക്കാനുള്ള തത്രപ്പാടിൽ പാഞ്ഞു പോകുന്നതിനിടയിലാണ് ഡോക്ടർ പുന്നൂസ്, റെയിൽവേപുറമ്പോക്കിൽ ചത്തുമലച്ചു കിടക്കുന്ന അമ്മിണിയെ കാണുന്നത്. പുലരി വെട്ടം വീണു തുടങ്ങുന്ന സമയത്തു, നിരപ്പേൽ പള്ളിമുറ്റത്തു കാത്തു നിൽക്കയാണ്, ചായക്കടക്കാരൻ ഓനാച്ചന്റെ ഭാര്യയായ ലീലാമ്മ. നാൽപതു വർഷമായി, നിരപ്പേൽക്കുന്നിലെ അരിപ്രാണികൾക്കുപോലും പിടുത്തം കൊടുക്കാതെ പ്രണയിക്കുകയാണ് ഇരുവരും. ഏഴാം ക്ലാസ്സിൽ വച്ചു തുടങ്ങിയ ഇഷ്ട്ടം. അന്ന്, പുന്നച്ചന് കൊടുക്കാമെന്നേറ്റ ഉമ്മ, ഇത്രേം നാളായിട്ടും കൊടുക്കാൻ ലീലാമ്മക്ക് പറ്റിട്ടില്ല. എത്ര സമർഥമായി മുന്നൊരുക്കിയാലും, വിധി ഏതെങ്കിലും വിധത്തിൽ തടയിടും. ഗതികേടുകൊണ്ടാണ് ലീലാമ്മക്ക്, മൊശകോടനും വൃത്തിയും വെടിപ്പുമില്ലാത്തവനുമായ ഓനാച്ചനെ കല്യാണം കഴിക്കേണ്ടി വന്നത്.എന്നിട്ടും പ്രത്യാശ കൈവിടാതെ, ലീലാമ്മയെ മാത്രം ഓർത്ത്, ഡോക്ടർ പുന്നൂസ് ഔതക്കാടൻ
അവിവാഹിതനായി തുടർന്നു. "മരിക്കേണ്ടി വന്നാലും, പുന്നച്ചയാനിന്നു ഉമ്മ തരു "മെന്നു പ്രതിജ്ഞയെടുത്തു കാത്തു നിൽക്കുന്ന ലീലാമ്മയെ ഓർത്തു ഡോക്ടർ പുന്നൂസ് ഔതക്കാടന് കരച്ചിൽ വന്നു. ഒരു ചുംബനം എന്നതിലുപരി അതൊരു വാശിയാണ്, രണ്ടുപേരുടെയും ജീവിതം എന്നെന്നേക്കും തകർത്ത ടൈം പീസ് യോഹന്നാനോടുള്ളവാശി.

ചെമ്പിലമ്മിണിയുടെ ശവം കാണാൻ നാട്ടുകാർ മുഴുവനുമെത്തി. പോലീസ് ഇൻസ്‌പെക്ടർ ചെങ്കരിക്ക് സാംസൺ നാട്ടുകാരെ മുഴുവൻ ചോദ്യം ചെയ്തു.തെളിവെടുക്കാൻ പോലീസ് നായ റാണിയെയും

കൊണ്ടുവന്നു. നാട്ടിലേറെ ചലനമുണ്ടാക്കിയെങ്കിലും കുറ്റവാളിയെ പിടികൂടാൻ ചെങ്കരിക്ക് സാംസണ് കഴിഞ്ഞു.. അത് ശരിയായിരുന്നോ... ആരാണ് യഥാർത്ഥ കൊലയാളി.. സീസർ ലൂക്കയാണോ.. മണിയില്ലാ കുട്ടപ്പനാണോ.. തോമയാണോ.. ഈച്ചപ്പൊടിയച്ചനാണോ.. ഒരാണിന്റെ തലയെടുപ്പും അഭ്യാസമുറകൾ വശത്താക്കിയവളുമായ ളൂഞ്ചാമ്മയാണോ., ഒഴുക്കോടെവായിച്ചുപോകാം..കാമവും ക്രൗര്യവും പ്രതികാരവും പ്രണയവും ഒളിഞ്ഞും തെളിഞ്ഞും മുന്നേറുന്ന ഈ നോവൽ.

നാലുപതിറ്റാണ്ടു ആരുമറിയാതെപ്രേമിക്കുന്ന പുന്നച്ചന്റെയും ലീലാമ്മയുടെയും കഥയാണ്,നല്ല അസ്സൽനാടൻ ഭാഷയിലുള്ള, തനി സാധാരണക്കാരായ മനുഷ്യരുള്ള ഒരു ദേശത്തിന്റെ കൂടി കഥയാണ് ചെമ്പിലമ്മിണി കൊലക്കേസ്.

മജീദ് സയ്ദിന്റെ ആദ്യ നോവലാണെങ്കിലും അസാധാരണമായ കൈയ്യടക്കം, നോവലിസ്റ്റ് പാലിച്ചിരിക്കുന്നു. തലയോലപറമ്പ് സ്വദേശിയായ മജീദ് സയ്ദ് ആനുകാലികങ്ങളിൽ എഴുതാറുണ്ട്.

വില..180 രൂപ
ഒരു മനോരമ ബുക്ക്സ് പ്രസിദ്ധീകരണം.